## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3626 — 11.11.2019 ലെ മറുപടിക്ക്

### സ്വർണ്ണ ഇടപാടുള്ള സ്ഥാപനങ്ങളിൽ വിശ്വകർമ്മജർക്ക് അപ്രൈസർമാരായി നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) വിശ്വകർമ്മ സമുദായത്തിൽപ്പെട്ട വരുടെ ജോലി സ്ഥിരത ഉറപ്പ് വരുത്തുന്നതിന് സ്വർണ്ണഇടപാടുകൾ നടത്തുന്ന പൊതുമേഖല ബാങ്കുകൾ, സർക്കാർ/പൊതു മേഖല ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ, കെ.എസ്.എഫ്.ഇ. തുടങ്ങിയവയിൽ ഇവരെ അപ്രൈസർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;<br>(ബി) എസ്.എൽ.ബി.സി. യോഗങ്ങളിൽ അടക്കം കേന്ദ്ര പൊതുമേഖല ബാങ്കുകളുടെ പ്രതിനിധികളോട് ഇക്കാര്യം ആവശ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) പൊതുമേഖലാ ബാങ്കുകളിൽ സാങ്കേതിക ജ്ഞാനം പ്രധാന മാനദണ്ഡമാക്കി അതാത് ബാങ്കുകളുടെ നിബന്ധനകൾക്കനുസരിച്ചാണ് അപ്രൈസർമാരെ നിയമിക്കുന്നത്. ഇക്കാര്യത്തിൽ സമുദായം ഒരു മാനദണ്ഡമായി പരിഗണിക്കുന്നില്ല. സർക്കാർ/പൊതുമേഖല ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ തുടങ്ങിയവയിൽ അപ്രൈസർമാരായി വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരെ മാത്രമായി നിയമിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ